തീരുമാനിച്ചിട്ടുണ്ട്. അതിനായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഉദ്യോഗസ്ഥഭരണ പരിഷ്ക്കാര വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

### കൊച്ചിയിലെ സൈബർ ക്രൈം സെന്റർ

146 (5076) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന കൊച്ചിയിലെ സൈബർ ക്രൈം സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി എത്ര തുക ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു ; ഇതിൽ എത്ര തുക ഇതുവരെ ചെലവഴിച്ചു ; പ്രസ്തുത തുക ഉപയോഗിച്ച് നടത്തിയ പ്രവൃത്തികൾ എന്തെല്ലാം ; വ്യക്തമാക്കാമോ ?

### ഉത്തരം

(എ&ബി) ആരംഭിച്ചിട്ടില്ല.

### കോട്ടയം റീജിയണൽ ഫോറൻസിക് ലബോറട്ടറി

147 (5077) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14-ലെ ബഡ്ജറ്റിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന കോട്ടയത്തെ റീജിയണൽ ഫോറൻസിക് ലബോറട്ടറി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിരുന്നു ; ഇതിൽ എത്ര തുക ഇതുവരെ വിനിയോഗിച്ചു ; വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ഇല്ല.

(ബി) ഒന്നര കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ലബോറട്ടറി പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

### മുനിസിപ്പൽ കോർപ്പറേഷനുകളിലെ ക്രമസമാധാനപാലന പ്രവർത്തനങ്ങളുടെ ഏകോപനം

148 (5078) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

Page 2 of 2

സംസ്ഥാനത്തെ എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളിലും ക്രമസമാധാന പാലന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി കേന്ദ്രീകൃത സമിതികൾ സ്ഥാപിക്കുമെന്ന 2013-14 വർഷത്തെ ബഡ്ജറ്റിലെ പ്രഖ്യാപനം നടപ്പിലായിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

<u>ഉത്തരം</u>

നടപടി സ്വീകരിച്ചുവരുന്നു.

## (Z+) കാറ്റഗറി സുരക്ഷയുള്ള അന്യസംസ്ഥാന മതനേതാക്കൾ/ആത്മീയനേതാക്കൾ

149 (5079) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇസെഡ് പ്ലസ്സ് (Z+) കാറ്റഗറി സുരക്ഷയുള്ള അന്യസംസ്ഥാന മതനേതാക്കൾ/ആത്മീയനേതാക്കൾ കേരളം സന്ദർശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ കേരളം സന്ദർശിച്ച ഇസെഡ് പ്ലസ് കാറ്റഗറി സുരക്ഷയുള്ള മതനേതാക്കൾ/ആത്മീയനേതാക്കൾ ആരെല്ലാമായിരുന്നു ; അവരുടെ പേരും വിശദാംശങ്ങളും നൽകുമോ ;

(സി) ഇപ്പോൾ സംസ്ഥാനത്ത് തങ്ങുന്ന അന്യസംസ്ഥാന മതനേതാക്കൾ/ആത്മീയനേതാക്കൾ ആരെല്ലാമാണ് ;

(ഡി) ഇവരുടെ കേരളത്തിലെ പ്രവർത്തനങ്ങൾ പോലീസ് നിരീക്ഷിച്ചിട്ടുണ്ടോ ; കേരളത്തിൽ എവിടെയെല്ലാമാണ് ഇവർ തങ്ങുന്നത് ; ആശ്രമങ്ങൾ സ്ഥാപിച്ചവർ ആരെങ്കിലുമുണ്ടോ ;

(ഇ) ഇവരിൽ ആരെല്ലാം സംസ്ഥാനത്ത് ഭൂമി വാങ്ങിയിട്ടുണ്ട് ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 6-2011 മുതൽക്കുള്ള കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ ഹരിയാന സംസ്ഥാനത്തിലെ സിർസ ജില്ലയിലുള്ള 'ദേര സച്ച സൗദ സിർസ' എന്ന സ്ഥാപനത്തിന്റെ മുഖ്യൻ ഹിസ് ഹോളിനെസ്സ് ഹുസൂർ മഹാരാജ് സന്ത് ഗുർമീത് റാം റഹീം സിംഗ് ജി ഇൻസാൻ എന്ന ഇസെഡ് പ്ലസ് കാറ്റഗറി സുരക്ഷയുള്ള ആത്മീയനേതാവും സംഘവും പല തവണ കേരളത്തിലെ കാസർഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം, എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിലെ ഹൈറേഞ്ച് മേഖലകളിലും വിനോദ സഞ്ചാര കേന്ദ്രങ്ങളിലും സന്ദർശനം നടത്തിയിട്ടുണ്ട്.